# صفة العمرة

( اللغة المليبارية )

# "ഉംറയുടെ രൂപം"

തയ്യാറാക്കിയത്

അബ്ദുൽ ലത്തീഫ്സുല്ലമി മാറഞ്ചേരി

കൂടുതൽ അറിയാൻ ബന്ധപ്പെടുക

ഇസ്‌ലാമിക് ഗൈഡൻസ് സെൻറർ സുലൈ,

പി. ബി. നമ്പർ 1419, റിയാദ് 11431.ഫോ 2414488

المركز الإصلاحي لمسلمي كيرلا بالكويت
خدمات الحج والعمرة
KUWAIT KERALA ISLAHI CENTRE
HAJJ & UMRAH
TEL : 2432079, 3915217, 5725167

ഉംറ ഒരു മുസ്ലിമിന് ജീവിതത്തിൽ ഒരിക്കൽ മാത്രമേ നിർബന്ധമുള്ളൂ അല്ലാഹു പറയുന്നു,''നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും നിർവഹിക്കുക'' (സൂറത്തുൽ ബഖറ:196) എന്നാൽ കഴിയുമെങ്കിൽ കൂടുതൽ ചെയ്യൽ സുന്നത്താണ് നബി(സ)പറയുന്നു ''ഒരു ഉംറ ചെയ്തു പിന്നീട് ഒന്നു കൂടി നിർവഹിച്ചാൽ അത് അവക്കിടയിലുള്ള പാപങ്ങൾക്കുള്ള പരിഹാരമാണ്'' (ഹദീസ് മുസ്‌ലിം)

**ഉംറയുടെ റുക്നുകൾ:** ഇഹ്റാം, ത്വവാഫ്, സഅ്യ് എന്നിവയാണ് ഇവയിൽ ഏതെങ്കിലും ഒന്ന് നഷ്ടപ്പെട്ടാൽ ഉംറ നിഷ്ഫലമാണ്.

**ഉംറയുടെ വാജിബാത്തുകൾ**

മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്യൽ, മുടി വടിക്കൽ/വെട്ടൽ എന്നിവയാണ് ഇവയിലൊന്ന് നഷ്ടപ്പെട്ടാൽ മൃഗബലി നടത്തേണ്ടതാണ്.

**ഇഹ്റാം:** ഹജ്ജിൻെറയും ഉംറയുടെയും കർമങ്ങളിൽ പ്രവേശിക്കുന്നതിനാണ് ഇഹ്റാം എന്ന് പറയുന്നത്.ഇഹ്റാമിന് മുമ്പായി നഖം മുറിക്കുക,കക്ഷം ഗുഹ്യ ഭാഗം എന്നിടങ്ങളിലെ രോമം നീക്കുക,മീശവെട്ടുക,കുളിക്കുക,ശരീരത്തി‍ൽ മാത്രം സുഗന്ധം പൂശുക എന്നിവ ചെയ്യേണ്ടതാണ്.പിന്നീട് പുരുഷൻമാർ ഒരു തുണിയും മേൽമുണ്ടും മാത്രവും, സ്ത്രീകൾ മുഖവും മുൻകയ്യുമൊഴിച്ച് ശരീരം മുഴുവനും മറയുന്ന വസ്ത്രവുമാണ് ധരിക്കേണ്ടത്.തുടർന്ന് ഏതെങ്കിലും നമസ്കാര സമയമാണെങ്കിൽ നമസ്കരിച്ച ശേഷം **ലബ്ബൈക ഉംറതൻ** എന്ന് പറയുക ഇതോടെ ഉംറയിൽ പ്രവേശിച്ച് കഴിഞ്ഞു.



ഇനി ത്വവാഫ് തുടങ്ങുന്നത് വരെ തൽബിയത്ത് ചൊല്ലിക്കൊണ്ടിരിക്കണം

(لبيك اللهم لبيك لبيك لا شريك لك لبيك إنّ الحمد والنعمة لك والملك لا شريك لك)

അല്ലാഹുവേ നിൻെറ വിളിക്കിതാ ഞാൻ ഉത്തരം ചെയ്തിരിക്കുന്നു,യാതൊരു പങ്കുകാരനു മില്ലാത്ത നിൻെറ വിളിക്ക് ഉത്തരം ചെയ്തു ഞാനിതാ വന്ന് എത്തിയിരിക്കുന്നു സ്തുതിയും അനുഗ്രഹവും നിനക്ക്,രാജാധികാരവും നിനക്ക് തന്നെ,നിനക്ക് ആരും പങ്കാരായില്ല.(ഇതാണ് തൽബിയത്ത്)

**ത്വവാഫ് :** മസ്ജിദുൽ ഹറാമിൽ വലതു കാൽ വെച്ചായിരിക്കണം കടക്കേണ്ടത്

(بسم الله والصلاة والسلام على رسول الله اللهم افتح لي أبواب رحمتك) അല്ലാഹുവിൻെറ നാമത്തിൽ അല്ലാഹുവിൻെറ ദൂതരിൽ രക്ഷയും സമാധാനവും ഉണ്ടാകട്ടെ,അല്ലാഹുവേ നിൻെറ കാരുണ്യത്തിൻെറ കവാടങ്ങൾ എനിക്ക് നീ തുറന്ന് തരേണമേ എന്ന് പ്രാർത്ഥിക്കുകയും വേണം. പിന്നീട് നേരെ ഹജറുൽ അസ്‌വദ് ൻെറ അടുത്ത് ചെന്ന് കഴിയുമെങ്കിൽ അതിനെ ചുംബിക്കുക ഇല്ലെങ്കിൽ തൊട്ടു മുത്തുകയോ ആംഗ്യം കാണിക്കുകയോ ചെയ്യുക.അന്നേരം ഇങ്ങിനെ പ്രാർത്ഥിക്കണം;

**بسم الله والله أكبر اللهم إيمانا بك وتصديقا بكتابك ووفاءا بعهدك واتباعا لسنة نبيك محمد صلى الله عليه وسلم**

(അല്ലാഹുവിൻെറ നാമത്തിൽ അവൻഏററവും വലിയവനാണ് അല്ലാഹുവേ നിന്നിൽ വിശ്വസിച്ച്



നിൻെറ ഗ്രന്ഥത്തെ സത്യപ്പെടുത്തി നിന്നോടുള്ള കരാർ പാലിച്ച് നിൻെറ പ്രവാചകൻ മുഹമ്മദ്(സ)യെ പിൻപററിക്കൊണ്ട് ).പിന്നീട് കഅബയെ തൻെറ ഇടതു വശത്താക്കി ത്വവാഫ് ആരംഭിക്കുക,ത്വവാഫിൽ മുണ്ട് വലതു കക്ഷത്തിലൂടെയാക്കി ഇടതു ചുമലിൽ രണ്ടററവും കെട്ടി വെക്കണം , ആദ്യത്തെ മൂന്ന് ചുററൽ പുരുഷൻമാർ ദ്രുധിയിൽ നടക്കണം.(ഇതിന് റമൽ എന്ന് പറയും) .ഹജറുൽ അസ്‌വദ് മുതൽ തുടങ്ങി വീണ്ടും ഹജറുൽ അസ്‌വദി നടുത്ത് എത്തിയാൽ ഒരു ത്വവാഫ് ആയി ഇങ്ങിനെ ഏഴ് തവണ ചുററണം ഹജറുൽ അസ്‌വദിന് തൊട്ടു മുമ്പുള്ള മൂലക്ക് റുക്നുൽ യമാനി എന്ന് പറയും ഇവിടെ എത്തിയാൽ കഴിയുമെങ്കിൽ കൈകൊണ്ട് തൊടുകയും ബിസ്മില്ലാഹി വല്ലാഹു അക്ബർ എന്ന് പറയുകയും ചെയ്യുക ഇല്ലെങ്കിൽ ഒന്നും ചെയ്യേണ്ടതില്ല,റുക്നുൽ യമാനി മുതൽ ഹജറുൽ അസ്‌വദ് വരെ

(ربنا آتنا في الدنيا حسنة وفي الآخرة حسنة وقنا عذاب النار) ഞ ങ്ങളുടെ നാഥാ ഇഹത്തിലും പരത്തിലും ഞങ്ങൾക്ക് നീ നന്മ നൽകേണമേ ഞങ്ങളെ നരക ശിക്ഷയിൽ നിന്നും കാക്കുകയും ചെയ്യേണമേ എന്ന് പ്രാർത്ഥിക്കുക.മററു സമ യങ്ങളിൽ ഏത് പ്രാർത്ഥനകളും ദിക്റുകളും ആകാവുന്നതാണ് പ്രത്യേകിച്ച് ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല.തുടർന്ന് തൻെറ മുണ്ട് കക്ഷത്തിൽ നിന്ന് മാററി പുതക്കുക,ത്വവാഫു സമയത്ത് മാത്രമേ മേൽ പറഞ്ഞരൂപം വേണ്ടതുള്ളൂ മററ് സമയങ്ങളിൽ തല മറക്കാത്ത വിധം പുതക്കുക.ശേഷം മഖാമ് ഇബ്റാഹീം



ൻെറ പിന്നിൽ നിന്ന് കഅബക്ക് നേരെ തിരിഞ്ഞ് രണ്ട് റക്അത്ത് നമസ്കരിക്കണം ആദ്യ റക്അത്തിൽ ഫാതിഹക്ക് ശേഷം സൂറത്തുൽ കാഫിറൂനയും രണ്ടാം റക്അത്തിൽ ഇഖ്‌ലാസു മായിരിക്കണം ഓതേണ്ടത്.പിന്നെ സംസം കുടിച്ച ശേഷം സഅ്യ് നിർവഹിക്കാം.

**സഅ്യ്:**സ്വഫയിൽ നിന്നായിരിക്കണം തുടങ്ങേണ്ടത്,സ്വഫയോടടുത്താൽ (إنّ الصفا والمروة من شعائر الله) തീർചയായും സ്വഫയും മർവയും അല്ലാഹുവി ൻെറ ചിഹ്നങ്ങളിൽ പെട്ടതാണ് (ബഖറ: 158) എന്ന ആ യത്ത് ഓതി സ്വഫയിൽ കയറി കഅബക്ക് നേരെ തിരിഞ്ഞ് കൈ ഉയർത്തി ഇനിപറയുന്നത്പ്രാർതിക്കുക

لاإله إلاالله والله أكبر لاإله إلا الله وحده لاشريك له له الملك وله الحمد يحيي ويميت وهو على كل شيء قدير لا إله إلا الله وحده أنجز وعده ونصر عبده وهزم الأحزاب وحده

(അല്ലാഹു വല്ലാതെ ഒരാരാധ്യനുമില്ല, അല്ലാഹു ഏററവും ഉന്നതനാണ്, അല്ലാഹു വല്ലാതെ ആരാധ്യനില്ല, അവന് പങ്കാരാരുമില്ല,രാജാധിപത്യം അവനുള്ളതാണ്,സ്തുതി യും അവന് തന്നെ,അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു അവൻ സർവ ശക്തനാണ്,അല്ലാഹു വല്ലാതെ ആരാധ്യനില്ല അവൻ ഏകൻ ആണ് അവൻ വാഗ്ദത്തം പൂർത്തിയാക്കി, തൻെറ ദാസനെ സഹായിച്ചു ശത്രു സേനകളെ പരാചയപ്പെടുത്തി.)ഇത്മൂന്ന് പ്രാവശ്യം ആവർത്തിക്കുക,പിന്നീട് ഏത് ആവശ്യങ്ങളും തനിക്ക് അറിയുന്ന



ഭാഷയിൽ പ്രാർത്ഥിക്കാവുന്നതാണ് പിന്നെ മർവയിലേക്ക് നടക്കുക പച്ച അടയാളമിട്ട സ്ഥലത്ത് പുരുഷൻമാർ വളരെ വേഗത്തിൽ നടക്കണം (സ്ത്രീക്ക് ബാധകമല്ല) മർവയിൽ എത്തിയാൽ സ്വഫ യിലേ പോലെ പ്രാർത്ഥിക്കുക,മർവയിലെത്തിയാൽ ഒന്ന് തിരിച്ചുള്ള നടത്തം രണ്ട് എന്നിങ്ങനെ ഏഴ് നടത്തം പൂർത്തിയാക്കുക,നടത്തത്തിലും പ്രാർത്ഥന അധികരിപ്പിക്കൽ സുന്നത്താണ്.

സഅ്യ് ഏഴ്‌വട്ടം പൂർത്തിയായാൽ പിന്നെ മുടി കളയുകയോ അല്ലെങ്കിൽ വെട്ടുകയോ ചെയ്യുന്നതോടെ(കളയലാണ് ഉത്തമം വെട്ടുക യാണെങ്കിൽ മുടി തലയുടെ മുഴുവൻ ഭാഗത്ത് നിന്നും വെട്ടണം സ്ത്രീകൾ ഏതാനും വിരൽ തുമ്പ് നീളത്തിൽ മുടിയുടെ അററം വെട്ടിയാൽ മതി) ഉംറയുടെ കർമങ്ങൾ പൂർത്തിയായി .

മദീന സന്ദർശനം ഹജ്ജിൻെറയോ ഉംറയുടേയോ ഭാഗമല്ല,മദീനാ പള്ളിയിൽ വെച്ചുള്ള നമസ്കാരം (മസ്ജിദുൽ ഹറാം ഒഴിച്ച്) മററ് പള്ളികളിൽ നമസ്കരി ക്കുന്ന തിനേക്കാൾ ആയിരം ഇരട്ടി പ്രതിഫലം ഉള്ളതാണ് അത് ഉദ്ദേശിച്ച് പോകാവുന്നതാണ്. അവിടെ എത്തിയാൽ നബി(സ) യുടെയും അബൂബക്കർ, ഉമർ (റ) എന്നിവരുടെയും ഖബർ സന്ദർശിക്കൽ പുരുഷൻ മാർക്ക് (മാത്രം) സുന്നത്താണ്.

അല്ലാഹു പ്രവാചകൻ(സ) കാണിച്ച് തന്ന പ്രകാരം ആരാധനാ കർമങ്ങൾ നിർവഹിക്കാൻ നമുക്ക് തൗഫീഖ് നൽകട്ടെ (ആമീൻ).